## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.579

01/12/2015 ൽ
മറുപടിയ്ക്ക്

## കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക

| ചോദ്യം<br>ശ്രീ.പി.കെ.ഗുരുദാസൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കശുവണ്ടി വികസന കോർപ്പറേഷൻ തൊഴിലാളി കളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) കശുവണ്ടി വികസന കോർപ്പറേഷനിൽ 2010 മുതൽ വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി നൽകിയിട്ടില്ല. കുടിശ്ശിക ഗ്രാറ്റുവിറ്റി കൊടുത്തു തീർക്കാൻ കശുവണ്ടി വികസന കോർപ്പറേഷനിലും കാപെക്സിലും പഠനം നടത്തിയ എക്സ്പെർട്ട് കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കാൻ സാവകാശം വേണമെന്നും തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കാൻ ആവശ്യമായ തുക എത്രയെന്നറിയിക്കാമോ; ഈ സർക്കാർ അധികാരമേറ്റശേഷം തുക അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) കോർപ്പറേഷനിൽ 2010 മുതലുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക കൊടുത്തു തീർക്കുന്നതിനായി ഏകദേശം 50 കോടി രൂപ ആവശ്യമാണ്. ഗ്രാറ്റുവിറ്റി വിതരണം ചെയ്യുന്നതിന് കശുവണ്ടി വികസന കോർപ്പറേഷന് തുകയൊന്നും അനുവദിച്ചിട്ടില്ല. |
| (സി) പ്രസ്തുത കുടിശ്ശിക കൊടുത്തു തീർക്കാൻ നടപടി സ്വീകരി ക്കുമോ; വിശദമാക്കാമോ; കാപെക്സിൽ നിന്നും വിരമിച്ച തൊഴിലാളികൾക്ക് എത്ര വർഷത്തെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകാനുണ്ടെന്നറിയിക്കുമോ; പ്രസ്തുത തുക എന്ന് വിതരണം ചെയ്യുമെന്ന് അറിയിക്കുമോ ? | (സി) കശുവണ്ടി വികസന കോർപ്പറേഷനിൽ എക്സ്പെർട്ട് കമ്മിറ്റി ശുപാർശ ചെയ്ത പ്രകാരം ഗ്രാറ്റുവിറ്റി തുക നൽകുവാൻ സാവകാശം ആവശ്യമാണ്.<br>കാപെക്സിൽ 2012,2013,2014 വർഷങ്ങളിൽ വിരമിച്ച തൊഴിലാളികളുടെയും, ജീവനക്കാരുടേയും ഗ്രാറ്റുവിറ്റിയാണ് കുടിശ്ശികയായിട്ടുള്ളത്. ഇതിനായി ആകെ 5.1 കോടി രൂപ ആവശ്യമായിട്ടുണ്ട്. ആയത് ലഭ്യമാക്കുവാൻ സാവകാശം ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ